# തായ്‌വാങ്മയൻ.

**ഹോഷിയാർപൂരിലെ സത്യവീന്ദർ കുമാറിനും, ലുധിയാനയിലെ ഹർജീത് സിങ്ങിനും ഞാൻ ഇത് സമർപ്പിക്കുന്നു. ഒപ്പം എല്ലാ മാതൃഭാഷ സ്നേഹികൾക്കും.**

ക്രിസ്തുവിനെ കൊല്ലാനുള്ള വിധി പത്രത്തിൽ ഒപ്പിട്ട് വെള്ളി തളികയിൽ കൈകൾ കഴുകി പീലാത്തോസ് പറഞ്ഞു. "എനിക്ക് ഈ നീതിമാന്റെ രക്തത്തിൽ പങ്കില്ല."

മൊട്ട് സൂചി നിലത്ത് വീണാൽ കേൾക്കാവുന്ന നിശബ്ദതയായിരുന്നു കോടതി മുറിയിൽ. വിധി പറയാൻ ഒരുങ്ങിയ ന്യായാധിപന്റെ കൈകൾ വിറച്ചു, നിലത്ത് വീണ നിയമ ചുറ്റിക നിശബ്ദതയെ കീറിമുറിച്ചു; കടലാസുകൾ ക്രൂരനെന്ന് വിളിച്ച കുറ്റവാളി ഞെട്ടിത്തരിച്ചു. പ്രതികൂട്ടിൽ നിന്നവൻ ക്ലോക്കിലെ പെൻഡുലത്തിലേക്ക് നോക്കി. അത് നിലക്കാതെ ചിലക്കുന്നു. ഘടികാരം മണിമുഴക്കാൻ ഒരുങ്ങി നിൽക്കുന്നു. ന്യായാധിപൻ വിധി പറയാൻ തുടങ്ങി. ഇരയുടെ ബന്ധുക്കൾ ചെറുതായി ചിരിച്ചു. വിധി പറഞ്ഞതിന് ശേഷം മേശപ്പുറത്തെ കടലാസ്സിൽ എന്തോ എഴുതി തീർത്ത ജഡ്ജി പേനയുടെ മുനയൊടിച്ചു കളഞ്ഞു. രക്തം പോലെ ഊറി ഒലിച്ച ഒരുതുള്ളി മഷിത്തുള്ളി മേശയിൽ അടയാളം തീർത്തു. ന്യായാധിപൻ പ്രതിയുടെ മുഖത്ത് നോക്കിയില്ല. അയാൾ വിതൂരതയിലേക്ക് നോട്ടം അയച്ച് മൂകനായി ഇരുന്നു. മറ്റേതോ ഭാഷയിൽ പറഞ്ഞ വിധിന്യായം കുറ്റവാളിക്ക് മനസിലായില്ല. മുഖത്ത് യാധൊരു ഭാവ വ്യത്യാസവും ഉണ്ടായില്ലന്ന് മാത്രമല്ല അതയാൾ പ്രതികൂട്ടിൽ നിന്ന് തല കുലുക്കി സമ്മതിക്കുകയും ചെയ്തു. കോടതി പിരിഞ്ഞു. ദൂരെയിരുന്ന് വാർത്തകണ്ട വൃദ്ധ മോഹാലസ്യപ്പെട്ട് നിലത്ത് വീണു.

ഭാര്യയും മക്കളും പേരകുട്ടികളും അടങ്ങിയ കൂട്ട് കുടുംബം ആയിരുന്നു ന്യായാധിപന്റേത്. വീട്ടിൽ വന്നപ്പോൾ പതിവിൽ നിന്ന് വ്യത്യസ്തമായി അയാളുടെ മുഖം മ്ലാനമായിരുന്നു. ആരോടും മിണ്ടാനും പറയാനും നിൽക്കാതെ മുറിയിൽ കയറി കുറേ നേരമയാൾ വാതിലടച്ചിരുന്നു.

" ഇല്ല... ഇനി മുതൽ ഞാൻ ഈ പണിക്കില്ല. നരകത്തിന്റെ കാവൽക്കാരനാവാൻ എനിക്ക് കഴിയില്ല. " ന്യായാധിപൻ കൊച്ച് കുട്ടിയെപ്പോലെ പറഞ്ഞു.

" ദേ മനുഷ്യാ. നിങ്ങൾക്കിത് എന്ത് പറ്റി.? ഭ്രാന്ത് പറയുകയാണ് നിങ്ങൾ." ന്യായാധിപന്റെ ഭാര്യ പറഞ്ഞു.

" ഒരു ശത്രുതയും ഇല്ലാത്തവന് ശിക്ഷ വിധിക്കുന്ന ജഡ്ജിയുടെ ദയനീയത മറ്റുള്ളവർക്ക് മനസിലാവില്ല. ന്യായം വിധിക്കുന്നവൻ മനുഷ്യനാണെങ്കിൽ മനസാക്ഷി കുത്ത് തോന്നും."

ന്യായാധിപന് പറയാൻ വാക്കുകൾ ഉണ്ടായിരുന്നില്ല. പക്ഷെ എന്തോ ഒന്ന് അയാളുടെ മനസ്സിൽ വിങ്ങികൂടി നിൽക്കുകയായിരുന്നു. എങ്കിലും പിറ്റെന്നാൾ അതിരാവിലെ കുളിച്ചൊരുങ്ങി ന്യായാധിപൻ കോടതിയിൽ പോയി. മറ്റ് പലർക്കും വേണ്ടി ആഗ്രഹിക്കാത്ത ചില തീരുമാനങ്ങൾ എടുക്കുക എന്നത് തന്നെയാണ് ഏറ്റവും വലിയ ദയനീയതയെന്ന് പിന്നെയൊരിക്കൽ അയാൾ പറഞ്ഞു.

തെറ്റ് ചെയ്ത മനുഷ്യൻ ശരിയറിയാതെ തെറ്റിനെ നിർവചിച്ചപ്പോൾ പീലാത്തോസിന് മുന്നിൽ അവതരിക്കപ്പെട്ട നീതിമാനെ ജനങ്ങൾ പാപിയാക്കി. പക്ഷെ പീലാത്തോസിന് അറിയാം മനുഷ്യപുത്രൻ നിരപരാധിയാണ്. ആരും നിയമത്തിന് അധീതൻ അല്ല, ദൈവപുത്രൻ പോലും.

എന്നിട്ടും പീലാത്തോസ് നീതിമാനായ മനുഷ്യനെ മരണത്തിൽ നിന്ന് രക്ഷിക്കാൻ നോക്കി. ദയനീയരായ എല്ലാ ന്യായാധിപന്മാരെപ്പോലെയും പീലാത്തോസിനും അത് കഴിഞ്ഞില്ല. ആ ഒരൊറ്റ സംഭവം പീലാത്തോസിന്റെ ജീവിതത്തെ ആകപ്പാടെ മാറ്റി മറിച്ചിരിക്കാം. അതിന് ശേഷം അദ്ദേഹം ഒരു ഭ്രാന്തനോ വിശുദ്ധനോ ആയി തീർന്നിരിക്കാം. അല്ലങ്കിൽ കുറ്റബോധം കൊണ്ട് ആത്മഹത്യ ചെയ്തിരിക്കാം. എങ്കിലും പീലാത്തോസ് ഒരു വിശുദ്ധൻ ആണെന്ന് ന്യായാധിപൻ വിശ്വസിച്ചു.

ചെറുതായി മഴ പൊടിയുന്നുണ്ടായിരുന്നു. കുറച്ചകലെ കുട്ടികൾ ഓടിക്കളിക്കുന്നുണ്ട്. വൃദ്ധയായ സ്ത്രീയുമായി വന്ന ഓട്ടോറിക്ഷ ചെന്ന് പഴയൊരു വീടിന് മുന്നിൽ നിന്നു. അതിന്റെ പുറം ചുവരുകൾ അടർന്ന് വീഴാൻ ഒരുങ്ങി നിൽക്കുകയായിരുന്നു. വാടക വാങ്ങി പോക്കറ്റിൽ ഇട്ട ഡ്രൈവർ വൃദ്ധയെ പുച്ഛഭാവത്തിൽ നോക്കി. വൃദ്ധ നിലത്ത് നോക്കി നിശബ്ദയായി വീട്ടിലേക്ക് കയറി. അയൽവീടുകളിൽ പാതി തുറന്ന വാതിലിലൂടെ തുറിച്ചുനോട്ടങ്ങൾ വൃദ്ധയുടെ ചുമലിൽ പതിച്ചു. നിശബ്ധതയെ കീറിമുറിച്ച അടക്കം പറച്ചിലുകൾ ചെറുതായി മുഴങ്ങി. കളിച്ചുകൊണ്ടിരുന്ന കുട്ടികളിൽ ഒരാൾ തെന്നി വീണു. കൂട്ടത്തിൽ ഉള്ള കുട്ടികൾ ചിരിച്ചു. വീട്ടിൽ കയറിയ വൃദ്ധ കതകടച്ചു.

അവർ നിലവിളിച്ച് കരയാൻ തുടങ്ങി. മനുഷ്യർക്ക് അമ്മയുടെ വിലയറിയാം. മനുഷ്യൻ അല്ലാത്ത എല്ലാ ജീവികൾക്കും മാതൃത്വത്തിന്റെ വിലയറിയാം. ആരും കേൾക്കാത്ത കരച്ചിൽ കേട്ട കിളികൾ ആശ്വസിപ്പിക്കാനായി ചിലച്ചു. "അവനാണ് എല്ലാത്തിനും കാരണം. ആ നശിച്ച സന്തതി. ജനിച്ചപ്പോൾ മുതൽ തുടങ്ങിയതാണ് തന്റെ കഷ്ടപ്പാട്." അമ്മക്ക് മകനോട് വെറുപ്പ് തോന്നി. ഒരു തരത്തിൽ വൃദ്ധയുടെ വെറുപ്പ് തന്നോട് തന്നെയായിരുന്നു. " അതേ! മറക്കാൻ കഴിയാത്തവരോട് തോന്നുന്ന അതി തീവ്രമായ ഇഷ്ടത്തിന്റെ മറ്റൊരു രൂപമാണ് എല്ലാ വെറുപ്പുകളും. മറക്കാൻ കഴിയാത്തവരെ മറക്കാൻ ശ്രമിക്കുന്ന മനസിന്റെ രോഗകാരണമായ ആത്മപീഡനം. "

ഇരുപത്തിയാറാം നമ്പർ മുറിയിൽ അയാളുടെ നമ്പർ 4 ബാർ 090 ആയിരുന്നു. തടവറയിൽ അയാൾ തനിച്ചായിരുന്നു. അടഞ്ഞ ചുവരുകൾക്കിടയിൽ ചുരുണ്ട് കൂടികിടന്ന പ്രതിക്ക് ഉറക്കം നഷ്ടപ്പെട്ടിരിന്നു. അണയാത്ത ഒരു ബൾബ് അവിടെ എന്നും തെളിഞ്ഞ് നിന്നു. മൂത്രത്തിന്റെ നേർത്ത മണം മുറിയിൽ നിറഞ്ഞു. അയാൾ തിരിഞ്ഞും മറിഞ്ഞും കിടന്നു. കണ്ണുകൾ തുറന്ന് എന്തൊക്കെയോ ആലോചിച്ചു. തന്റെ മനസിലെ വികാരങ്ങൾ മറ്റെല്ലാവരെയും പോലെ അയാൾക്കും നിർവചിക്കാൻ കഴിയാത്തതായിരുന്നു. അപ്പോഴും മനസിൽ പ്രതീക്ഷയുടെ മാറ്റൊലികൾ അല തല്ലിയിരുന്നു. ഇടയിലെപ്പോഴോ അയാൾ ഉറക്കത്തിലേക്ക് വഴുതി വീണു.

കൊടും കുറ്റവാളി, കൊള്ളയും കൊലപാതകവും നടത്തിയവൻ. ഇന്നോളം ചിരിക്കാത്തവൻ, ഒരിക്കലും കരയാത്ത കഠിന ഹൃദയൻ. ഒരിക്കലെങ്കിലും ആ മുഖത്ത് നോക്കിയ ആരും മറുത്ത് പറഞ്ഞില്ല. അവർ എല്ലാവരും ഒരുപോലെ പറഞ്ഞു. " ക്രൂരനാണയാൾ. നിഷ്ട്ടൂരനായ ക്രൂരൻ."

ഉറക്കച്ചടച്ചിലുകൾ നീക്കി പ്രതിയായവൻ ഉണർന്നെണീക്കുമ്പോൾ ഡോക്ടർ വന്നിട്ടുണ്ടായിരുന്നു. പ്രവാസിയായ ഡോക്ടർ തന്റെ നാട്ടുകാരനാണ്. നമ്പർ പറഞ്ഞിട്ട് അയാൾ ചോദിച്ചു.

" സുഖമാണോ?"

" അസുഖം ഒന്നും ഇല്ലങ്കിലും ഒട്ടും സുഖമല്ല." അയാൾ പറഞ്ഞു. ആ ഉത്തരത്തിൽ പലതും നിറഞ്ഞു നിന്നിരുന്നു. അത് മനസിലാക്കാനുള്ള വൈകാരിക പക്വതയോ അനുഭവമോ ഡോക്ടർക്ക് ഉണ്ടായിരുന്നില്ല.

" നിങ്ങൾ എന്തിനാണ് ഇങ്ങനെ ഒരു ക്രൂരത ചെയ്തത്? " ഡോക്ടർ ചോദിച്ചു.

" എനിക്ക് ഒന്നും ഓർമയില്ല.  "  അയാൾ എന്തോ ആലോചിച്ചെടുക്കാൻ ശ്രമിച്ചു.

" പിന്നെ എന്തിനാണ് നിങ്ങൾ കോടതിയിലെല്ലാം സമ്മതിച്ചത്? "

"  എനിക്കൊന്നും മനസിലായില്ല. "

" മനസിലാക്കാത്ത കാര്യങ്ങൾ തലകുലുക്കി സമ്മതിച്ചാൽ പരിയവസാനിക്കുന്നത് വലിയൊരു ദുരന്തത്തിൽ ആവും. "

ശോക മൂകമായി അയാൾ തലയാട്ടി. എന്നിട്ട് ചോദിച്ചു. " ചില ഭാഷകൾക്ക് അവ അറിയാത്ത മനുഷ്യനെ ഇല്ലാതാക്കാനാവുമല്ലേ ഡോക്ടറെ?"

ഒന്നും പറയാനില്ലാത്തപ്പോഴാണ് മനുഷ്യൻ തലതാഴ്ത്തുക. നിലത്ത് നോക്കി ഡോക്ടർ പറഞ്ഞു: " എല്ലാം ശരിയാകും. "

അയാൾ വീണ്ടും തല കുലുക്കി.

രണ്ട് മൂന്ന് തല കുലുക്കലുകൾ. അതിലെ അനവധിയായ അർഥതലങ്ങൾ. പറഞ്ഞ് തീർക്കാൻ കഴിയാത്ത നിരാശകൾ, നിശ്ശബ്ദതകൾക്കിടയിലെ സ്വാന്തനങ്ങൾ, ചില സമ്മതങ്ങൾ, വിയോജിപ്പുകൾ, അറിയാത്ത കാര്യങ്ങളോടുള്ള പ്രതികരണങ്ങൾ. അങ്ങനെ വാക്കുകൾക്ക് പറയാൻ കഴിയാത്ത പലതും ആ തലകുലുക്കലുകളിൽ ഉണ്ടായിരുന്നു.

കളരിയിൽ നിന്ന് പള്ളിക്കൂടത്തിലേക്ക് പോയപ്പോൾ പഠിച്ച് മിടുക്കനായി ഒരു ആശാനാകണമെന്നായിരുന്നു ആഗ്രഹം. എല്ലാവരും ടീച്ചർ എന്ന് വിളിച്ചപ്പോൾ താൻ ആശാൻ എന്ന് വിളിച്ചത് അറിയാതെയാണ്. അങ്ങനെ ശീലിച്ചുപോയിരുന്നു. ടീച്ചർക്ക് താൻ അവരെ കളിയാക്കിയതായി തോന്നി. അന്ന് ഉള്ളം കയ്യിൽ കിട്ടിയ അടിയായിരുന്നു ആദ്യത്തെ ശിക്ഷ. അടിക്കുന്ന കൂട്ടത്തിൽ ടീച്ചർ പറഞ്ഞു. " നീ നന്നാവില്ല, നിന്റെ മുഖം കണ്ടാലറിയാം നീ ഒരു ക്രിമിനൽ ആകുമെന്ന്. അന്ന് തനിക്ക് ക്രിമിനൽ എന്ന വാക്കിന്റെ അർഥം അറിയില്ല. ചില വാക്കുകൾ അറംപറ്റാനുള്ളതാണ്. അതിന് ശേഷം എത്രയോ തവണ അടി കിട്ടിയിരിക്കുന്നു. ഗുഡ് മോർണിംഗ് പറയാത്തതിന്, പ്രസന്റേ എന്ന് പറയാതെ ഹാജർ പറഞ്ഞതിന്, ഇംഗ്ലീഷിൽ പേരെഴുതാൻ അറിയാത്തതിന്. പതിയെ പതിയെ മിണ്ടാതെയായി. സ്കൂളിൽ പോകാതെയായി. അന്ന് മുതൽ തുടങ്ങിയതാണ് ഈ തലകുലുക്കൽ. അയാൾ പലതും ആലോചിച്ചിരുന്നു.

ഇന്നയാളുടെ ഭക്ഷണം പോഷകം നിറഞ്ഞതാണ്, കൃത്യമായ ഇടവേളകളിൽ തൂക്കം നോക്കാറുണ്ട്, മരുന്നുകൾ കിട്ടാറുണ്ട്. ഒരുപക്ഷെ ഇതിന് മുൻപ് ആരും അയാളുടെ കാര്യത്തിൽ അത്രയധികം ശ്രദ്ധ ചെലുത്തിയിട്ടുണ്ടാവില്ല. ഒരുപക്ഷെ അമ്മ പോലും. എന്നിട്ടും ദിവസങ്ങൾ ചെല്ലുന്തോറും മുഖം കൂടുതൽ പ്രകാശരഹിതമായി മാറുകയായിരുന്നു. ഇടയിലൊക്കെ ഒരു ഭ്രാന്തനെപ്പോലെയായിരുന്നു പെരുമാറ്റം. എങ്കിലും ആ കണ്ണുകൾക്ക് പിറകിൽ മുമ്പിലത്തേക്കാളേറെ അതിനിഗൂഢമായ എന്തൊക്കെയോ നിരാശകൾ തളം കെട്ടി നിന്നു.

" വലിയ വിഷമങ്ങൾ വരുമ്പോൾ മനുഷ്യൻ അലറി കരയാറില്ല. കരയാൻ പോലും ത്രാണിയില്ലാത്ത നിരവധി അവസരങ്ങളെ അഭിമുഖീകരിച്ച് വേണം ജീവിതലക്ഷ്യങ്ങളിലേക്ക് നടന്ന് നീങ്ങാൻ. പക്ഷെ എന്താണ് മനുഷ്യന്റെ ജീവിതലക്ഷ്യം? മരണം വരെ പലർക്കും തിരിച്ചറിയാൻ കഴിയാത്ത വസ്തുത തന്നെയാണ് അത്." തടവറയിൽ നിന്ന് വീട്ടിൽ വന്ന ഡോക്ടർ ആത്മഗതം പറഞ്ഞു.

ഇരുപത്തിയാറാം നമ്പർ തടവറയിൽ തനിച്ചിരുന്ന പ്രതി കണ്ണുകൾ തുറന്ന് മേലോട്ട് നോക്കി. ദൃഷ്ടി മേൽക്കൂരയിൽ പതിച്ച് നിലച്ചു. തറയുടെ തണുപ്പ് ശരീരം തുളച്ച് കടന്ന് വരുന്നുണ്ട്. മുറിക്ക് പുറത്ത് കറുത്ത രാത്രിയാണ്. മേൽക്കൂരക്കും അപ്പുറം ആ ഇരുട്ട് പരന്നിട്ടുണ്ടാവും. ഇപ്പോൾ നിലാവുണ്ടാവുമോ?

ഇരുട്ട് കടന്ന് ചെന്നാൽ നക്ഷത്രങ്ങളെ കാണാം. അവയിൽ പലതും ഇപ്പോൾ നിലനിൽക്കുന്നില്ലന്നാണ് അറിയുന്നത്. എങ്കിലും പ്രഭചൊരിയുന്ന ഏതെങ്കിലും ഒരു നക്ഷത്രമെങ്കിലും ആകാശത്തിന്റെ അനന്തതയിൽ അവശേഷിച്ചിട്ടുണ്ടാകും. അവയിൽ ആത്മാക്കളുണ്ടാവും. അവിടെയിരുന്നാൽ കടലിനപ്പുറമുള്ള തന്റെ വീടും വീട്ടുകാരെയും കാണാം. ഇനി അവിടെ ചെല്ലുമ്പോൾ ആത്മാക്കൾ പറയുന്നത് തന്റെ ഭാഷയാകുമോ? ഇല്ലങ്കിൽ ഇനി തനിക്ക് സ്വർഗത്തിലേക്ക് കൂടി പോകേണ്ടതില്ല. അല്ലങ്കിൽ അവിടെയും താൻ നഷ്ടപ്പെട്ട ഒരു കുറ്റവാളിയാകും. ഇല്ല! അച്ഛൻ അവിടെയാണ്. അച്ഛനാണ് തന്നെ അക്ഷരങ്ങൾ പഠിപ്പിച്ചത്. അയാൾ പലതും ആലോചിച്ചങ്ങനെ കിടന്നു.

പെയിന്റിളകി തുടങ്ങിയ തടവറയിലെ ഭിത്തിയിൽ നിര നിരയായി അരിമണികളുമായി ഉറുമ്പുകൾ താഴോട്ടിറങ്ങി. സത്യങ്ങൾ കേൾക്കുമ്പോൾ മാത്രം ചിലക്കുന്ന പല്ലികൾ പാഞ്ഞുചെന്ന് ഉറുമ്പുകളെ നാക്ക് നീട്ടി പിടിച്ച് വിശപ്പകറ്റികൊണ്ടിരുന്നു.

കള്ളന്മാർക്കും കൊള്ളക്കാർക്കും വേണ്ടി കള്ളങ്ങൾ പറയുന്നവരോട് ആരും കള്ളം പറയാറില്ല. സത്യങ്ങൾ കേൾക്കുമ്പോൾ മാത്രമാണ് പല്ലികൾ ചിലക്കുന്നത്. പാപികളെ ശിക്ഷിക്കാനാണ് കരുണ നിറഞ്ഞ ദൈവം തടവറയായി നരകത്തെ നിർമിച്ചത്. മനസാന്തരപ്പെടുന്ന പാപികൾക്കായിട്ടാണ് സ്വർഗത്തിൽ നിറയെ ദൈവം സ്വപ്നസുന്ദരികളെ സൃഷ്ടിച്ചത്. ഇംഗ്ലീഷോ, അറബിയോ, സംസ്കൃതവോ, ഹിബ്രുവോ പഠിക്കാത്തവർക്ക് ദൈവത്തിനോട് സംസാരിക്കാൻ കഴിയില്ല, അതുകൊണ്ടാണ് ചില പ്രാർഥനകൾ ഇപ്പോഴും അങ്ങനെ തുടരുന്നത്. അങ്ങനെ അതിവിചിത്രമാണ് സത്യങ്ങൾ എന്ന് പറയുന്ന ചില വസ്തുതകൾ!

അയാൾ തന്റെ കൈവിരൽ കൊണ്ട് എന്തെക്കെയോ തിട്ടപ്പെടുത്തി. പിന്നെ അസ്വസ്ഥനായി അടഞ്ഞ മുറിയിലൂടെ നടന്നു. എന്തൊക്കെയോ മനസ്സിൽ പറഞ്ഞു. കലി വന്നപ്പോലെ ഭിത്തിയിൽ ആഞ്ഞ് തൊഴിച്ചു. വേദന കൊണ്ട് പുളഞ്ഞ് തറയിൽ പടിഞ്ഞിരുന്നു.

എന്തൊരു കഷ്ടമാണ് മനുഷ്യ ജീവിതമെന്ന് ഓർക്കണേ. ജനനം ആഗ്രഹമല്ല. എന്നിട്ടും ജനിച്ചു. ആരോ നൽകിയ പേര് സ്വന്തമായി. മരണവും ആഗ്രഹമല്ല. ജീവിതത്തിൽ ഒന്നും ആഗ്രഹം പോലെ നടന്നിട്ടുമില്ല. പക്ഷെ എപ്പോൾ വേണമെങ്കിലും മനുഷ്യന് മരിക്കാൻ കഴിയും. അതാണ് അവന്റെ സ്വാതന്ത്ര്യം. ആത്മഹത്യയിലൂടെ ഒരുവന് വിധിയോട് വിയോജിക്കാം. പക്ഷെ മരിക്കാൻ ഭയമില്ലാത്ത മനുഷ്യനുണ്ടോ ഭൂമിയിൽ!!.

എല്ലാം ഇന്ന് സ്റ്റേറ്റിന്റെ കയ്യിലാണ്. ഇത് ഒരു ആൾകൂട്ടമാണ്. ധനവാനായ മനുഷ്യന്റെ പോക്കറ്റിലെ നാണയങ്ങൾപോലെ മനുഷ്യനും പല വിലയാണ്. എല്ലായിടത്തും സവർണനും അവർണനു, മർദിതനും പീഡിതനും, തൊഴിലാളിയും മുതലാളിയും മാത്രം, മനുഷ്യനായി സൃഷ്ടിക്കപ്പെട്ട ഭൂമിയിൽ മനുഷ്യൻ മാത്രമില്ല; മനുഷ്യനു മാത്രമായി നിലനിൽക്കാനും കഴിയില്ല. അതിനിടയിൽ എവിടെയാണ് എന്റെ ഭാഷയും ഭാഷാന്തരങ്ങളും! എന്തിനേറെ ആത്മഹത്യയിൽ പരാജയപ്പെട്ടാലും പോലീസ് പിടിക്കും. എന്നിട്ടും ആളുകൾ അത് ചെയ്യുന്നു. അയാൾക്ക് മരിക്കാൻ ഭയമായിരുന്നു.

നിയമങ്ങൾ മനുഷ്യനെ ശിക്ഷിക്കാനുള്ളത് തന്നെ, രക്ഷിക്കാനുള്ളതല്ല. എന്നിട്ട് മനുഷ്യർ പറയുന്നത്

ശിക്ഷകൾ മനുഷ്യനെ നന്നാക്കാനുള്ളതാണ് എന്നാണ്. എന്നിട്ടവർ അതൊക്കെ മറ്റൊരുടെയൊക്കെയോ ഭാഷകളിൽ എഴുതിവെച്ചിരിക്കുന്നു അത് തന്നെ വീണ്ടും വീണ്ടും പറയുന്നു. വിചിത്രമായ ചില പരമസത്യങ്ങൾ!

വാർഡൻ തന്റെ ഭാഷയിൽ എന്തോ പ്രതിയോട് ചോദിച്ചു. കേട്ടപ്പോളയാൾ തല കുലുക്കി.

നിങ്ങൾക്ക് എന്തെങ്കിലും കഴിക്കാനും മറ്റും തോന്നുന്നുണ്ടോ? ഉണ്ടെങ്കിൽ പറഞ്ഞാൽ ഞാൻ അത് വാങ്ങി തരാമെന്നാണ് വാർഡൻ പറഞ്ഞതെന്ന് ഡോക്ടർ പറഞ്ഞു.

അയാൾ നിരാശനായി വാർഡനെ നോക്കി പറഞ്ഞു. " ഇല്ല ഒന്നും കഴിക്കാൻ തോന്നുന്നില്ല."

" അല്ല. നിങ്ങൾ ദയവായി എന്നോട് ക്ഷമിക്കുക. ആരെയെങ്കിലും കാണാൻ തോന്നുണ്ടോ? " വാർഡൻ വീണ്ടും ചോദിച്ചു. ഡോക്ടർ അതും പരിഭാഷപ്പെടുത്തി.

ഒരുപാട് മുഖങ്ങളൊന്നും ആ മനസ്സിൽ വന്നില്ല. എങ്കിലും ആരെയൊക്കെയോ കാണണമെന്നുണ്ടായിരുന്നു.

അയാൾ പറഞ്ഞു. " ഇല്ല. എനിക്ക് ആരേയും കാണാൻ തോന്നുന്നില്ല. " പറയുമ്പോൾ വാക്കുകൾ ഇടറുന്നുണ്ടായിരുന്നു.

നിങ്ങൾ എന്നേ പരിഹസിക്കുകയാണോ എന്നയാൾ തിരിച്ച് ചോദിക്കുകയാണെന്ന് വാർഡന് തോന്നി.

എല്ലാവരും ഏറ്റവും സ്നേഹത്തോടെ തന്നെ അന്നയാളോട് പെരുമാറി. ഡോക്ടർ വന്ന് വൈദ്യപരിശോധനക്ക് വിധേയമാക്കി.

" ഇല്ലാതാക്കാനുള്ളതിനെ മനുഷ്യൻ നന്നായി നോക്കുമല്ലേ ഡോക്ടറെ? " അയാൾ ചോദിച്ചു.

ഡോക്ടർ നിശബ്ദനായി നിലത്ത് നോക്കി. ആ നിശബ്ദതയിൽ അയാൾ പലതും പറഞ്ഞു. ഡോക്ടർ തന്റെ ഭാര്യയും ആയി പിണങ്ങി കഴിയുകയായിരുന്നു.

രാത്രി അയാൾക്ക് ഉറങ്ങാൻ കഴിയില്ല. നിമിഷത്തിന്റെ പത്തിലൊന്നെങ്കിലും ശാന്തനായി ഇരിക്കാൻ കഴിയില്ല. ആ ഹൃദയത്തിലിപ്പോൾ എന്താണ്? എന്താവും അയാൾ ആലോചിച്ചിരിക്കുക?

അയാളുടെ മുഖത്ത് അസാധാരണമായ ഭാവങ്ങൾ നിറഞ്ഞു.അത് കൂടുതൽ കനപ്പെട്ട സ്ഥിതിയിലായി. നെഞ്ചിൽ ആരോ വലിയൊരു കല്ല് കയറ്റി വെച്ചിരിക്കുന്നതായി തോന്നുന്നു. ശാസോച്ഛ്വാസം ക്രമാതീതമായ വേഗത്തിലായി. നിയന്ത്രണാതീതമായി അയാൾ സ്വയം അറിയാതെ തന്നെ എന്തൊക്കെയോ ചെയ്തു. ഈ നിമിഷം ലോകം ഒന്ന് അവസാനിച്ചിരുന്നു എങ്കിലെന്ന് മുട്ടിപ്പായി ആഗ്രഹിച്ചു.

തടവറയിലെ പൊടിപിടിച്ച ഭിത്തിയിൽ ഇരുന്ന പല്ലികൾ ചിലച്ചു. അതിലേറെ ഉച്ചത്തിൽ ഓരോ ദീർഘനിശ്വാസവും മുറിയിൽ മുഴങ്ങി. ശ്വാസം മുട്ടൽ തോന്നിയിട്ടുണ്ടാവണം. തണുപ്പുള്ള രാത്രിയിൽ തറപറ്റി കിടന്ന മനുഷ്യൻ ഉഷ്ണത്താൽ വിയർക്കുമോ? ആർക്കെങ്കിലും കടൽകുടിച്ച് വറ്റിക്കാനുള്ള പരവേശം തോന്നുമോ? മരണത്തെക്കാൾ ക്രൂരമായ ഹൃദയവേദനയുണ്ടോ?

പൂന്തോട്ടങ്ങളുടെ മലയിൽ ചെന്ന് വിശുദ്ധ മനുഷ്യൻ കുനിഞ്ഞിരുന്ന് പ്രാർഥിച്ചു. തലയോട്ടികളുടെ

താഴ്വരകണ്ടപ്പോൾ രക്തം വിയർത്തു. ശിക്ഷകൾ ദൈവപുത്രന് പോലും അങ്ങനെയെങ്കിൽ ഒന്നുമല്ലാത്ത പാവം മനുഷ്യർക്ക് എങ്ങനെയാവും! ക്രിസ്തു ഒരു ഭീരുവല്ല, മരണം പുത്രനെ ഭയപ്പെടുത്തുകയില്ലങ്കിൽ പാപികളുടെ പാപങ്ങൾക്കും അപ്പുറം തെറ്റ് ചെയ്യേണ്ടവർ അനുഭവിക്കേണ്ട ശിക്ഷകൾ കൂടി അവിടുന്ന് ചുമലിൽ വഹിച്ചു. ശിക്ഷകൾ ഏറ്റുവാങ്ങുന്ന ഓരോ കുറ്റവാളിയും അനുഭവിക്കുന്ന മാനസീക സംഘർഷങ്ങളെ കുറിച്ച് അന്നേ ക്രിസ്തു തിരിച്ചറിഞ്ഞിരുന്നു. പാവം! രക്തം വിയർത്തത് തന്നെക്കൂടി ഓർത്തിട്ടാണ്. അനശ്വരങ്ങളായ പല കാര്യങ്ങളും ഒരിക്കലും പ്രയോഗികമല്ലന്നറിഞ്ഞിട്ടും അയാൾ തന്റെ വേദനകളത്രയും ദൈവപുത്രന്റെ ചുമലിൽ വെച്ചു. പക്ഷെ അനശ്വരങ്ങളായ ചില ആഗ്രഹങ്ങൾക്കും പ്രയോഗികതയില്ല.

ക്ലോക്കിനടിയിലെ പെൻഡുലം ആടാൻ തുടങ്ങി. ജീവ ചക്രത്തിലെ ഘടികാരം എന്തൊക്കെയോ ഓർമിപ്പിച്ചുകൊണ്ടിരുന്നു. ഏറ്റവും വിലയേറിയ മണിക്കൂറുകൾ. പക്ഷെ എന്താണ് ചെയ്യാനുള്ളത്? എന്തൊക്കെയോ ബാക്കിയാണ് എന്നാൽ ഒന്നും ചെയ്യാനില്ല. തടവറയിലെ ഇരുമ്പ് ഗെയ്റ്റിന് പുറകിൽ നിന്നാരോ ക്രമനമ്പർ വിളിച്ചു. അയാൾ ഞെട്ടി തരിച്ചു നിന്നു. ഒരു നിഴൽ രൂപം തലകുനിച്ച് നടന്ന് വരികയാണ്. ഹൃദയഭിത്തിയിൽ ആരോ അമർത്തി പിടിച്ച് രക്തം മുഴുവൻ പിഴിഞ്ഞെടുക്കുന്നത് പോലെ, അന്തരങ്ങളിൽ അണുബോംബ് വർഷിക്കുന്നത് പോലെ. അവയവങ്ങൾ അറുത്തെടുക്കുന്നത് പോലെ.

ഒരു ചെറിയ അകമ്പടിയോടെ അയാൾ നടന്നു. കാലുകൾ വിറക്കുന്നുണ്ടായിരുന്നു. മുഖം മ്ലാനമായിരുന്നു. വിചിത്രമായ നേത്രങ്ങളിൽ നിർവചിക്കാനാവാത്ത വികാരങ്ങൾ നിറഞ്ഞു നിന്നു. തന്റെ ഉരുക്ക് പോലുള്ള ബലിഷ്ഠമായ കൈകളയാൾ ചുരുട്ടി പിടിച്ചു.

തടികൊണ്ടുണ്ടാക്കിയ ഒരു ഉയർന്ന വേദി. ചവിട്ടുപടികൾ ഓരോന്നായി കടന്ന് നടന്ന് കയറുമ്പോൾ കിതക്കുകയായിരുന്നു. വിശുദ്ധമായ ബലിപീഠം പോലെ. ഇങ്ങനെ ഒരിടത്താണ് തന്റെ മാമോദീസയും, ആദ്യക്രൂബ്ബാനയും നടന്നത്. താനൊരിക്കൽ അൾത്താര ബാലനായിരുന്നല്ലോ. അയാളുടെ കാലുകൾ വിറച്ചു. ഒരു വേള നിലതെറ്റി നിലത്ത് വീഴുമെന്ന് തോന്നി, അതുണ്ടായില്ല. എന്ത് ചെയ്യണമെന്നോ പറയണമെന്നോ അറിയാൻ കഴിയാത്ത നിമിഷം. അല്ല! ഒന്നും കഴിയാത്ത ജീവിതാവസ്ഥ. ശരിക്കും ജീവിതം ഇങ്ങനെയൊക്കെ ആവുമോ? എല്ലാവരും നിശബ്ദരായി. അയാളുടെ മുഖം കൂടുതൽ ക്രൂരമാകുന്നവെന്നായി, ക്രൂരതകൊണ്ട് അത് പൊട്ടിച്ചിതറുമെന്നായി, മുഖം നിറയെ പകയും കലിയും വെറുപ്പും നിറഞ്ഞതായി; ഇങ്ങനെയെല്ലാം ചുറ്റുമുള്ള മറ്റുള്ളവർക്ക് തോന്നി.

പെൻഡുലം പോലെയൊരു കയർ ചുരുൾ കാലചക്രത്തിന്റെ മണിമുഴക്കനായി തല കുനിച്ചുനിന്നു. പെട്ടന്നയാൾ ബോധം നശിച്ചൊരു മനുഷ്യനെപ്പോലെ അലറി കരയാൻ തുടങ്ങി. ഡോക്ടറുടെ കൈകൾ വിറച്ചു. പേപ്പർ കഷ്ണങ്ങൾ വഴുതി നിലത്ത് വീണു. അയാൾ വീണ്ടും ഞെട്ടി തരിച്ചു. പേപ്പർ കഷ്ണങ്ങളിൽ ഒന്നിൽ തന്റെ മാതൃഭാഷയിൽ എഴുതിയ ഒരു കുറിപ്പ്. അതിനടിയിൽ മറ്റേതോ ഒരു ഭാഷ. പെട്ടന്നയാൾ പൊട്ടിച്ചിരിക്കാൻ തുടങ്ങി. ചിരി വീണ്ടും അലർച്ചയായി അതൊരു തേങ്ങലായി, കൊച്ച് കുട്ടികളെപ്പോലെ ഏങ്ങലടിച്ചയാൾ വീണ്ടും തേങ്ങി കരഞ്ഞു. ഡോക്ടർ ഒഴികെ കൂടെ ഉണ്ടായിരുന്ന എല്ലാവരുടേയും കണ്ണുകൾ നിറഞ്ഞു. നിറഞ്ഞ കണ്ണുകളുമായി അയാൾ ചുറ്റുമുള്ള മറ്റുള്ളവരെ നോക്കി. അവർ അയാളേയും നോക്കി. വിടപറയുകയാണ്. മറുപടിയില്ലാത്ത മറ്റുള്ളവർ നിലത്ത് നോക്കി

എന്താവും അപ്പോൾ അയാളുടെ മനസിലൂടെ കടന്ന് പോയ ചിന്ത! അത് ആർക്ക് പറയാനാവും. വാക്കുകൾ കൊണ്ടത് നിർവചിക്കാനാവുമോ?. ശരിക്കും അയാൾ ക്രൂരനായിരുന്നോ? അതൊ കരച്ചിൽ കടിച്ചുപിടിക്കാൻ പാവം ശ്രമപ്പെടുകയായിരുന്നോ? എന്തിനാണ് അയാൾ ചിരിച്ചത്?

ആർക്കറിയാം. അല്ലങ്കിൽ ഇനിയിപ്പോൾ അറിഞ്ഞിട്ടെന്ത് കാര്യം.

അപ്പോഴും ഡോക്ടർ തന്റെ ജോലിചെയ്തു. അയാൾ എന്തൊ പറഞ്ഞു.

മുഴവനയാൾ കേട്ടിരിക്കാൻ വഴിയില്ല. അതും തലകുലുക്കി സമ്മതിച്ചു. അറിയാത്ത കാര്യങ്ങൾ തലകുലുക്കി സമ്മതിച്ചാൽ പര്യവസാനിക്കുന്നത് ദുരന്തത്തിൽ ആവുമെന്ന് പറഞ്ഞതയാൾ മറന്നിരിക്കും. എനിക്ക് മനസിലാകാത്ത കാര്യങ്ങൾ പറഞ്ഞിട്ട് എന്നോട് മറുപടി പറയാൻ പറഞ്ഞാൽ തലകുലുക്കാതെ ഞാൻ എന്ത് ചെയ്യും. നിശ്ശബ്ദമായ നിമിഷത്തിൽ ആരോ എന്തൊക്കെയോ പറയുന്നതായി കേട്ടത് ഡോക്ടറുടെ തോന്നൽ മാത്രമായിരുന്നു.

കൊച്ച് കുഞ്ഞിന്റെ നിഷ്കളങ്കതയുമായി അയാൾ കണ്ണുകൾ മുറുക്കെ അടച്ച് പിടിച്ചു. കണ്ണീർ തുള്ളികൾ നിലച്ചിട്ടില്ല, മറ്റുള്ളവർക്ക് അത് കാണാനുള്ള മനക്കരുത്തില്ല. കറുത്ത തുണികൾക്കൊണ്ട് അവർ അയാളുടെ മുഖം മറച്ചു. കണ്ണീർ തുള്ളികൾ തുടയ്ക്കാനാവാത്ത വിധം മുൻപേ തന്നെ കൈകളവർ കൂട്ടിക്കെട്ടി വെച്ചിട്ടുണ്ടായിരുന്നു. കൊച്ചു കുഞ്ഞിനെപ്പോലെ എല്ലാത്തിനുമയാൾ നിന്നുകൊടുത്തു. പിന്നെ കുറേ നേരം നിറുത്താതെ തല കുലുക്കി. മുഖമൂടികൾക്കിടയിലൂടെ കണ്ണീരിൽ കുതിർന്ന രക്തത്തുള്ളികൾ നിലം പതിച്ചു.

മോർച്ചറിയിലെ തണുത്ത അറയിൽ നിന്ന് രണ്ട് ഗവേഷകർ ഒരു നാട്ടിലേക്ക് കൊണ്ട് പോകുവാൻ പണമില്ലാത്ത ഒരു ശവം പുറത്തെടുത്തു. അതവർ പരിശോധിക്കാൻ തുടങ്ങി.

" മരിക്കുമ്പോൾ ഇയാൾ കരഞ്ഞിരുന്നു അല്ലേ.? "

" അതേ. അയാൾ കവിതകൾ എഴുതുമായിരുന്നു. "

" വായിലൂടെ രക്തം കിനിഞ്ഞിരുന്നുവല്ലേ? "

" അതേ. അയാൾ കഥകൾ പറയുമായിരുന്നു. "

ആന്തരാവയവങ്ങൾ പരിശോധിച്ചപ്പോൾ അവയിൽ ആർദ്രത തോന്നി. ദർശനങ്ങൾ, നാടൻ പാട്ടുകൾ, പ്രണയഗീതങ്ങൾ, മുത്തശ്ശിക്കഥകൾ, മിത്തുകൾ, ഐതീഹങ്ങൾ എല്ലാം ഗവേഷകർ അയാളുടെ അന്തരംഗങ്ങളിൽ കണ്ടു. അവർ നെടുവീർപ്പെട്ടു.

" നിങ്ങൾക്ക് ഇയാളുടെ പേരറിയുമോ? "

" ഉം. അറിയാം. "

" എന്താണത്? "

" അത് ഒരു അസാധാരണ പേരാണ്. ഞാനൊന്ന് ഓർമിച്ചെടുക്കട്ടെ. "

" എന്താണതെന്ന്  വേഗം പറയും. ഗവേഷകരിൽ ഒരാൾക്ക് ആകാംഷ അടക്കാനായില്ല.

" തായ്‌വാങ്മയൻ. "

" അയ്യോ! ഇതാണോ അയാൾ.? "

" അതേ നിങ്ങൾ ഇയാളെ അറിയുമോ? "

" അറിയാം.." ഗവേഷകരിൽ ഒരാൾ ഒരു ദീർഘനിശ്വാസം വിട്ടു.

" എങ്ങനെ? "

" ചെറുപ്പത്തിൽ അമ്മ താരാട്ട് പാടുമ്പോൾ കേട്ടതാണ്. "

" ആണോ? "

" അതേ. "

" അമ്മയിപ്പോൾ എവിടെയാണ്. "

" അമ്മ മരിച്ചു. " പറയുമ്പോൾ ഗവേഷകന്റെ കണ്ണുകൾ നിറഞ്ഞു. പവിത്രമായ ലോകത്തിൽ വിചിത്രസത്യങ്ങൾ ആവർത്തിക്കപ്പെട്ടുക്കൊണ്ടിരുന്നു.

*അരുൺ സെബാസ്റ്റ്യൻ.*